**തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Dr. Dinesan Cheruvat IAS)

വിഷയം: തസ്വഭവ – പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം - സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / സെക്കന്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ നിന്നും ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം:
1) സ. ഉ. (പി) നം.75/2022/LSGD, തീയതി:27/10/2022.
2) തസ്വഭവ ചീഫ് എഞ്ചിനീയറുടെ 13/05/2019 തീയതിയിലെ No.E22/12300/15/CE/LSGD നടപടിക്രമം.
3) 19/02/2022 തീയതിയിലെ നമ്പർ. ഇഡബ്ല്യുഎ3/387/21/തസ്വഭവ സർക്കാർ കത്ത്.
4) തസ്വഭവ റൂറൽ ഡയറക്ടറുടെ 24/03/2025 ലെ നം.LSGD/PD/1876/2023-DEE1 നടപടിക്രമം.

**ഉത്തരവ് നമ്പർ .LSGD/PD/1876/2023-DEE1 തീയതി:24-05-2025**

തദ്ദേശസ്വയംഭരണ വകുപ്പിൽ സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / സെക്കന്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന അർഹരായ ജീവനക്കാർക്ക് സീനിയോരിറ്റി ക്രമമനുസരിച്ച് 1950 ലെ കേരളാ സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾ ചട്ടം 31 എ പ്രകാരം ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിലേക്ക് 37400-79000 രൂപ (പുതുക്കിയത്) ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി ജീവനക്കാരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ / ഓഫീസുകളിൽ നിയമിച്ച് ഉത്തരവാകുന്നു.

| Sl No. | Rank No. | Name and PEN | Present Station | Place of Posting |
|---|---|---|---|---|
| 1 | 1489 | Kumari Saritha K (438331) | Kothamangalam Block Panchayath, Ernakulam | Maneed Grama Panchayath, Ernakulam |

| | | | | |
|---|---|---|---|---|
| 2 | 1508 | Sathisan T B (609947) | Ramamangalam Grama Panchayath, Ernakulam | Kayamkulam Municipality, Alappuzha |
| 3 | 1509 | Anitha R (480662) | Manamboor Grama Panchayath, Thiruvananthapuram | Mulakkulam Grama Panchayath, Kottayam |
| 4 | 1510 | Lissy R (458154) | Sooranad South Grama Panchayath, Kollam | Changanassery Municipality, Kottayam |
| 5 | 1512 | Anil Kumar M R (477297) | Municipal Corporation, Thiruvananthapuram | Arpookara Grama Panchayath, Kottayam |

ടിയാളുകളുടെ ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ / ഓഫീസുകളിലെ നിയമനം 2025 വർഷത്തെ പൊതുസ്ഥലംമാറ്റത്തിന് അർഹരായ ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകുന്നതിലേക്കായി പുന:പരിശോധിക്കുന്നതായിരിക്കും. പുന:പരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് ടിയാളുകളെ സ്ഥലംമാറ്റേണ്ടുന്നതായി കാണുന്ന പക്ഷം നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് ടി ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഇത്തരത്തിൽ പുന:പരിശോധനയുടെ ഭാഗമായി സ്ഥലംമാറ്റപ്പെടുന്ന ജീവനക്കാരുടെ അതേ സ്റ്റേഷനിൽ തന്നെ തുടരുന്നതിനുള്ള അപേക്ഷകളും അവകാശവാദങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തെ സേവനകാലയളവിനുള്ളിൽ ഒരു വർഷത്തെ പരിവീക്ഷണകാലം തൃപ്തികരമായി പൂർത്തിയാക്കേണ്ടതാണ്.

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ മേൽ സ്ഥാനക്കയറ്റ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരെ ഉടൻ തന്നെ നിലവിലെ ചുമതലയിൽ നിന്നും വിടുതൽ ചെയ്യേണ്ടതും, ജീവനക്കാർ യഥാസമയം സ്ഥാനക്കയറ്റ തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ, പ്രവേശനം എന്നിവ സംബന്ധിച്ച വിവരം ഈ കാര്യാലയത്തെയും ബന്ധപ്പെട്ട മറ്റ് ഓഫീസുകളെയും യഥാസമയം അറിയിക്കേണ്ടതാണ്.

ഈ ഉത്തരവ് അടിയന്തരമായി നടപ്പിൽ വരുത്തുന്നു എന്ന് അതാത് ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതും, ഉത്തരവ് നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്ന

നിയന്ത്രണാധികാരികളുടെ വിവരം യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

സ്ഥാനക്കയറ്റ ഉത്തരവ് *principaldirectorate.lsgkerala.gov.in* എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

Signed by
Dinesan Cheruvat
Date: 24-05-2025 14:27:07

**Dr. Dinesan Cheruvat IAS**
**DIRECTOR (RURAL)**

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരി മുഖാന്തിരം).

പകർപ്പ് :

1. തസ്വഭവ റൂറൽ ഡയറക്ടറുടെ സി. എ. യ്ക്ക്.
2. തസ്വഭവ എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
3. ചീഫ് എഞ്ചിനീയർ LSGD / KSRRDA.
4. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ മേധാവിമാർക്ക് (ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം മുഖാന്തിരം).
5. സൂപ്രണ്ട്, GEA സെക്ഷൻ.
6. സൂപ്രണ്ട്, ഐ. ടി. സെക്ഷൻ (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി.